# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 20-03-2015

## വിദ്യാഭ്യാസ മേഖലയിലെ അധികൃത സ്റ്റാമ്പ് വിൽപ്പന പുനഃപരിശോധിക്കണം

**– കെ.എസ്.ടി.എ**

വിദ്യാഭ്യാസ മേഖലയിലെ കുട്ടികളിൽ നിന്നും അനധികൃത സ്റ്റാമ്പുവഴി പണപ്പിരിവ് നടത്തുന്നത് പുനഃപരിശോധിക്കണമെന്ന് കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. പൊതുവിദ്യാഭ്യാസ മേഖലിയിൽ പഠനം നടത്തുന്ന കുട്ടികളിൽ നിന്ന് യാതൊരുതരത്തിലുള്ള പിരിവും നടത്തരുതെന്ന് കേന്ദ്ര വിദ്യാഭ്യാസ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടു്. കുട്ടികളിൽ നിന്നും വാങ്ങിച്ചുകൊിരിക്കുന്ന സ്പെഷ്യൽ ഫീസുപോലും നിർത്തലാക്കിയിരിക്കുന്നു. എന്നാൽ വിവിധ തരത്തിലുള്ള സ്റ്റാമ്പ് വിൽപ്പനയിലൂടെ കോടിക്കണക്കിനു രൂപയാണ് വിവിധ ഏജൻസികൾ പിരിച്ചെടുക്കുന്നത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വീടുകളിൽ നിന്നും വരുന്ന കുട്ടികൾക്ക് ഈ സ്റ്റാമ്പ് വിൽപ്പന താങ്ങാവുന്നതല്ല. കഴിഞ്ഞ വർഷം വിൽപ്പന നടത്തിയിരുന്ന സ്റ്റാമ്പിന്റെ വില ഈ വർഷം ഒരാലോചനയുംകൂടാതെ ഇരട്ടിയായി വർദ്ധിപ്പിച്ചിരിക്കുന്നു. കുട്ടികൾക്കു നൽകുന്ന സ്റ്റാമ്പ് വിൽപ്പനയിലൂടെ വളരെ വേഗത്തിൽ സാമ്പത്തിക സമാഹരണം നടത്താൻ കഴിയുംമെന്ന തോന്നലാണ് ഇത്തരത്തിലുള്ള തീരുമാനത്തിനു പിന്നിൽ. ഇതിന് വിദ്യാഭ്യാസ വകുപ്പ് കൂട്ടുനിൽക്കുകയാണ്. അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രയാസം ഉാക്കുന്ന ഇത്തരത്തിലുള്ള അനധികൃത സ്റ്റാമ്പ് വിൽപ്പന പുനഃപരിശോധിക്കണമെന്ന് ജനറൽ സെക്രട്ടറി കെ.സി.ഹരികൃഷ്ണൻ സർക്കാരിനോട് ആവശ്യപ്പെട്ടു.

**കെ സി ഹരികൃഷ്ണൻ**
ജനറൽ സെക്രട്ടറി

# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 20-03-2015

## വിദ്യാർത്ഥികളെ ക്രൂരമായി തല്ലിചതച്ച നടപടിയിൽ പ്രതിഷേധിക്കുക

**- കെ.എസ്.ടി.എ**

ഹിമാജൽ പ്രദേശ് സർക്കാരിന്റെ വികലമായ വിദ്യാഭ്യാസ നയങ്ങൾക്കെതിരെ എസ്.എഫ്.ഐ യുടെ നേതൃത്വത്തിൽ നടത്തിയ നിയമസഭാമാർച്ചിൽ പങ്കെടുത്ത വിദ്യാർത്ഥികളെ ക്രൂരമായി മർദ്ദിച്ചതിനെതിരെ കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി ശക്തിമായി പ്രതിഷേധിച്ചു. സമരത്തിൽ പങ്കെടുത്ത പെൺകുട്ടികളെയും എസ്.എഫ്.ഐ യുടെ അഖിലേന്ത്യാ പ്രസിഡന്റിനെതിരെയും നടന്ന ക്രൂരമായ മർദ്ദനം ആരെയും ഞെട്ടിക്കുന്നതാണ്. നിരവധി നേതാക്കളെ കള്ളക്കേസിൽ കുടുക്കി അറസ്റ്റ് ചെയ്തിരിക്കുന്നു. ഭരണഘടനാവിരുദ്ധമായ ഇത്തരം നടപടികൾക്കെതിരെ മുഴുവൻ വിദ്യാഭ്യാസ പ്രവർത്തകരെയും അണിനിരത്തികൊ് ശക്തമായ പ്രതിഷേധം സംഘടിപ്പിക്കണമെന്ന് ജനറൽ സെക്രട്ടറി കെ.സി.ഹരികൃഷ്ണൻ മുഴുവൻ അധ്യാപകരോടും ആവശ്യപ്പെട്ടു.

**കെ സി ഹരികൃഷ്ണൻ**
ജനറൽ സെക്രട്ടറി